# ഞാങ്ങണയുടെ പാട്ട്



ജോർജ്ജ് പാഞ്ഞാറ

CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

# ഞാങ്ങണയുടെ പാട്ട്

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

ജോർജ്ജ് പാഞ്ഞാറ

www.TheCMSIndia.org

# Njanganayudepattu

*(Malayalam)*

*Author* : **George Panjara**
Kothavara P.O.
Vaikom
Telephone: 0482 - 676085

*First Published* : 25-03-2002

*Copy Right* : Mariamma George Panjara

*Cover Design & Type setting* : C-CAD Graphics, Erattupetta
Ph:- 0482 - 272852

*Printed at* : Jaya Printing Works, Pala
Phone:- 0482 - 213390

Published by the author

*Price Rs. 50*

CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.TheCMSIndia.org



## ജോർജ്ജ് പാഞ്ഞാറ

ബാല്യം മുതൽക്കേ കവിതാരചനയിൽ താല്പര്യം. 1958-ലെ കത്തോലിക്കാ യുവജനോത്സവത്തിൽ എറണാകുളം മിസത്തിൽ (രൂപതയിൽ) ഒന്നാമതും കേരള അടിസ്ഥാനത്തിൽ രണ്ടാമതും സമ്മാനം കവിതാരചനക്കു ലഭിച്ചു.

ആനുകാലികങ്ങളിൽ കവിതകൾ, കഥകൾ, ഏകാങ്കങ്ങൾ എന്നിവ എഴുതിവരുന്നു. കൂടാതെ നിരവധി റേഡിയോ നാടകങ്ങളും രചിച്ചിട്ടുണ്ട്.

സാഹിത്യ പ്രവർത്തനങ്ങളോടൊപ്പം ശാസ്ത്രീയസംഗീതത്തിലും പ്രവർത്തിക്കുന്നു. ഇതിനോടകം മൂന്നൂറോളം ക്രൈസ്തവ കൃതികൾ രചിച്ചു സ്വരപ്പെടുത്തിപ്പാടി അവതരിപ്പിക്കുന്നു. ഈ കൃതികളുടെ മൂന്നു വാല്യം കാസെററുകൾ ഇറക്കിയിട്ടുണ്ട്. 'മുന്തിരിവള്ളി' എന്ന പേരിൽ ബോംബെ രവിയുടെ സംഗീത നിർദ്ദേശത്തിൽ ഏതാനും ഭക്തിഗാനങ്ങളടങ്ങിയ കാസററു വേറെയും.

CHRISTIAN MUSICOLOGICAL SOCIETY OF INDIA

സംഗീത സംബന്ധമായി എസ്. എം. എ. സി. അവാർഡ്(1990) ചാവറ അവാർഡ് (1991) എ.കെ.സി.സി. സിറിയക് കണ്ടത്തിൽ അവാർഡ് (1993) യൂണിവേഴ്സിററി ഓഫ് മദ്രാസ് ഇന്ത്യൻ മ്യൂസിക് ഡിപ്പാർട്ട്മെന്റ് തലവന്റെ അനുമോദനപത്രം (1997) എന്നിവ നേടിയിട്ടുണ്ട്.

പാലാ പി.എ.സി.യുടെ ആഭിമുഖ്യത്തിൽ നടത്തിയ ബൈബിൾ നാടകരചനാമത്സരത്തിൽ 'അടിയറവ്' എന്ന നാടകം ഒന്നാം സമ്മാനം നേടി. (1987) കോട്ടയം ചൈതന്യ സാംസ്കാരിക കേന്ദ്രം സംഘടിപ്പിച്ച ബൈബിൾ ഏകാങ്ക രചനാമത്സരത്തിൽ ' സാക്ഷി ഞാൻ തന്നെ' എന്ന രചന ഒന്നാം സമ്മാനം നേടി.

ഇപ്പോൾ സംഗീത കൃതികളുടെ രചനയിലും ആലാപനത്തിലും മുഴുകി വൈക്കം താലൂക്കിൽപ്പെട്ട കൊതവറയിൽ താമസിക്കുന്നു.

# ഉള്ളടക്കം

സഹൃദയസമക്ഷം
അവതാരിക
1. സന്ദേശം ........ 13
2. പലായനം ........ 15
3. ബാലവിജ്ഞാനി ........ 19
4. തേന്മഴ ........ 21
5. ഓർമ്മയുണ്ടോ – യോർദ്ദാൻ? ........ 24
6. പരീക്ഷ ........ 26
7. ജീവന്റെ വചസ്സുകൾ ........ 29
8. കൃതജ്ഞത ........ 31
9. നിലങ്ങൾ, വിത്തുകൾ ........ 34
10. കുറ്റവും ശിക്ഷയും ........ 36
11. ആകുലതയെന്തിന് ? ........ 39
12. വെള്ളത്തിൻ മുകളിലെ ശങ്ക ........ 41
13. വാത്സല്യം ........ 44
14. സത്രത്തിലെത്തിയ കാരുണ്യം ........ 48
15. തൈലാഭിഷേകം ........ 50
16. പോരട്ടെ പൈതങ്ങൾ ........ 55
17. രോഗാശാന്തി ........ 57
18. മോചനം ........ 60
19. അതിഥി ........ 62
20. ധനികന്റെ സ്വർഗ്ഗരാജ്യം ........ 65
21. ചോദ്യത്തിൻ കാണാപ്പുറം ........ 67
22. മുന്തിരിവള്ളി ........ 69
23. ഭാവാന്തരം ........ 70
24. മുന്തിരിത്തോപ്പിനുടമ ........ 73
25. മനസ്സ് ഒരു കടങ്കഥ ........ 76
26. സൗഖ്യത്തിൻ ചാരുത ........ 78
27. പ്രാർത്ഥന എങ്ങനെ ........ 81
28. ഞാങ്ങണയുടെ പാട്ട് ........ 83
29. ഈ ചൂണ്ടുവിരൽ ........ 85

CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

# സഹൃദയസമക്ഷം

മലയാളഭാഷയോടും സാഹിത്യത്തോടും നന്നേ ബാല്യത്തിൽതന്നെ വളരെ ശക്തമായ ഹൃദയബന്ധമുണ്ടായിരുന്നു എനിക്ക്. ആ ബന്ധമെങ്ങിനെ കവിതാരചനയിലെത്തിയെന്നു കൃത്യമായിപ്പറയാൻ കഴിയില്ല. ഏതായാലും ഒരു കാര്യം സത്യം. വലിയ അക്കാദമിക പശ്ചാത്തല മൊന്നുമില്ലായിരുന്നെങ്കിലും ധാരാളം വായിക്കുകയും 'ശ്രീയേശുവിജയം' പോലുള്ള കാവ്യങ്ങളിലെ ശ്ലോകങ്ങൾ ഹൃദിസ്ഥമാക്കിവയ്ക്കുകയും അവ ചൊല്ലിക്കേൾപ്പിക്കുകയും ചെയ്യുമായിരുന്ന ഞങ്ങളുടെ പിതാവിന്റെ സാഹിത്യ കൗതുകത്തിൽനിന്നാണതിന്റെ ഉത്പത്തി എന്നതാണത്.

രചനാപരമായ പ്രേരണയാകട്ടെ, തന്റെ ഹൈസ്കൂൾ ജീവിതകാല ത്തുതന്നെ ധാരാളം കവിതകളും ലേഖനങ്ങളും എഴുതിയിരുന്ന എന്റെ ജ്യേഷ്ഠൻ ശ്രീ കെ.വി. ജോസഫിന്റെ സാഹിത്യപരിശ്രമങ്ങളായിരുന്നു. പല പ്പോഴും ഞാൻ കുറിച്ചുവയ്ക്കുന്ന വരികൾ രഹസ്യമായെടുത്തു പരി ശോധിച്ച് അല്പം പരിഹാസപൂർവ്വം അദ്ദേഹമതു കുടുംബസദസ്സിൽ വെളി പ്പെടുത്തിയിരുന്നതാണ് ആ രംഗത്തൊരു വാശിയായെന്നിൽ പടർന്നു കയറിയതെന്നാണോർമ്മ.

CHRISTIAN MUSICOLOGICAL SOCIETY OF INDIA

പിന്നീടു ഞങ്ങളുടെ നാട്ടിൽ രൂപപ്പെട്ട ബാലസമാജത്തിൽ നിന്നുപുറ ത്തുവന്ന 'ഗ്രാമീണബാലൻ' എന്ന കൈയ്യെഴുത്തുമാസികയിൽ ചേർക്കാൻ ഒരു കുട്ടിക്കവിത എന്നോടാവശ്യപ്പെട്ടതും ജ്യേഷ്ഠൻ തന്നെയായിരുന്നു. പുലർകാല ദീപ്തിയിൽ അലിഞ്ഞലിഞ്ഞെത്തിയ ഒരു പൂങ്കുയിൽ ഗാനത്തിന്റെ അവതരണമായിരുന്നു എന്റെ ആ ആദ്യകവിതയുടെ പ്രതി പാദ്യം. അതു വായിച്ചിട്ട് പിൽക്കാലത്ത് പ്രസിദ്ധ കവിയും നാടകകൃ ത്തുമായിത്തീർന്ന ശ്രീ മാത്യു ഇടമററം 'കൊച്ചുകവി ധാരാളം വായിക്കണം വീണ്ടും വീണ്ടും എഴുതണം' എന്നു പറഞ്ഞതോർക്കുന്നു.

വായനയും എഴുത്തുമായി വർഷങ്ങൾ പിന്നിട്ടു. 1958ൽ നടന്ന കത്തോലിക്കാ യുവജനോത്സവത്തിൽ എറണാകുളം മിസത്തിൽ ഒന്നാമതും കേരളാടിസ്ഥാനത്തിൽ രണ്ടാമതും സമ്മാനങ്ങൾ നേടാൻ കഴിഞ്ഞ കവിതകളുടെ കർത്താവായി വളർന്നു. പക്ഷേ ആ കാലഘട്ടത്തിൽ വന്നുപെട്ട സംഗീത ബന്ധം കവിതാരചനയുടെ അനസ്യൂതപ്രവാഹത്തിന് അല്പം തട സ്സമായി. എങ്കിലും എനിക്കത്യധികം സംതൃപ്തിയും അഭിമാനവും നല്കിയ ക്രൈസ്തവ കീർത്തനരചനാ പരിശ്രമത്തിൽ വിജയിക്കുവാൻ കഴിഞ്ഞെങ്കിൽ അതിനു നിദാനം അന്നേക്കു ഞാൻ നേടിയിരുന്ന പദ്യരചനാകൗശല മായിരുന്നുവെന്നത് മറന്നുകൂടാ.

www.TheCMSIndia.org

## 29. ഈ ചൂണ്ടുവിരൽ

(മഞ്ജരി)

ക്രിസ്തുവിൻ ശിഷ്യനാം തോമ്മാഞാൻ, നിങ്ങൾക്കു
നിത്യപരിചിതനാകുമല്ലോ!
ഏററം വിനീതനും ഭക്തനുമെങ്കിലും
കുററം പലതുമെനിക്കുസ്വന്തം.
എൻഗുരുനാഥനിൽ ഭക്തിയില്ലാഞ്ഞല്ല-
യെൻപിഴതീഷ്ണതകൊണ്ടുമാത്രം.
അന്നൊരുനാൾ ഗുരുതൻഗിരംകേട്ടുപാ-
ടെന്നുടെ തോഴർ പകച്ചുനില്ക്കേ
" പോയിമരിക്കാം നമുക്കുമവനൊത്ത"
തോന്നിയ വ്യക്തിഞാനായിരുന്നു!

എങ്കിലും കേൾക്കുന്ന വാക്കുകളപ്പാടേ
ചങ്കിലാഴ്ത്താനെനിക്കായതില്ല.
" ഞാൻ ഗമിക്കുന്നിടത്തേക്കു നിങ്ങൾ വരൂ"
മെന്നേശുനാഥൻമൊഴിഞ്ഞൊരുനാൾ
" നീ ചരിക്കും വഴിയേതെന്നറിയാതെ-
യാഗമമെങ്ങനെ" ചോദിച്ചു ഞാൻ.
ആയതിന്നുത്തരമന്നുഗുരുവെനി-
ക്കായതിൻ വണ്ണം പറഞ്ഞുതന്നു!
എങ്കിലുമെല്ലാം മറന്നുകൊണ്ടേഴഞാൻ
ശങ്കതൻ ദുർഗ്ഗതായാവർത്തിച്ചു.
മുള്ളുകൊണ്ടാലുമിടക്കിടെപ്പൂകണ്ടു
നുള്ളാൻ കുതിക്കുന്ന പൈതൽപോലെ!

മൃത്യവിൻ ദംഷ്ട്രം വിടർത്തിദേവൻനവ
വ്യക്തിയായുത്ഥിതനായശേഷം
ഞാൻ മാത്രമില്ലാത്ത ശിഷ്യഗണത്തിനു
താൻവന്നു ദർശനമേകിയെങ്കിൽ
വിശ്വസിക്കില്ലഞാനാഴ്ന്നുമുറിഞ്ഞൊരാ

പാർശ്വത്തിലെൻവിരൽകൊണ്ടിടാതെ
ആണിപ്പഴുതുകൈകാൽകളിൽകാണാതെ
എന്നു ഞാനന്നു പറഞ്ഞുവെങ്കിൽ
തീഷ്ണതയേറുമെനിക്ക;തെൻ സംശയം
മാത്രമല്ലെന്നു ധരിക്ക നിങ്ങൾ.
കൂടെമരിക്കാൻ പുറപ്പെട്ടൊരെൻസ്നേഹം
പാടേവിഗണിച്ചുവെന്നതോന്നൽ
എന്നെവികാരവിക്ഷുബ്ധനായ്തീർത്തെന്നു
തന്നെ പറയുകയാണു സത്യം.

മററനുയായികളൊത്തു പ്രാർത്ഥിച്ചു ഞാൻ
കുററിരുട്ടാർന്ന മുറിയിൽ നില്ക്കേ!
ബന്ധിതമായ കവാടം തുറക്കാതെ
ബന്ധുരദർശനമേകിനാഥൻ.
" തോമ്മാ, നിൻ കൈവിരൽ കൊണ്ടുവന്നെൻ പാർശ്വം
തന്നിലിടാനും കരങ്ങളിലെ
ആണിപ്പഴുതുകൾ കാണാനു"മെൻ നാഥൻ
ചേണുററമാതിരിചൊന്നനേരം
പൊട്ടിക്കരഞ്ഞ ഞാനെൻഗുരുനാഥന്റെ
കാൽക്കൽ പതിക്കുകയായിരുന്നു.

ചെല്ലിഞാൻ 'എന്നുടെ കർത്താവേ ദൈവമേ'
അല്ലാതെയൊന്നുമുണ്ടായതില്ല.
ആദിവ്യവക്ഷത്തലത്തിലെൻ കൈവിരൽ
ചേർക്കയോ! ചെയ്തില്ലൊരിക്കലും ഞാൻ.
ആണിപ്പഴുതുകൾകാൺകയോ? ദൈവമേ!
ആയതിനെങ്ങനെ പ്രാപ്തനാം ഞാൻ.?
വിശ്വാസമായെനി;ക്കെന്നുമദ്ദേഹമെൻ
വിശ്വം ചമച്ചവനായിരുന്നു.

CHRISTIAN MUSICOLOGICAL SOCIETY OF INDIA

# ഞാങ്ങണയുടെ പാട്ട്

## കവിതാ സമാഹാരം

### ജോർജ്ജ് പാഞ്ഞാറ

ദീർഘമായ സംഗീതസംസ്കാരവും സുവിശേഷബന്ധങ്ങളും അനുഭവങ്ങളുടെ തരളിമയുംകൊണ്ടു സമ്പന്നനായ ശ്രീ ജോർജ്ജ് പാഞ്ഞാറയുടെ 29 കവിതകളുടെ ഈ സമാഹാരത്തിലേക്കു കടന്നിറങ്ങുമ്പോൾ സഹൃദയനെ ത്രസിപ്പിക്കുന്ന നിരവധി വസ്തുതകൾ എണ്ണിയെണ്ണിപ്പറയാനാകും. ബൈബിൾ സംഭവങ്ങൾ തന്നിലുണർത്തിയ അനുഭൂതികളുടെ ചമൽക്കാരപൂർണ്ണമായ ആവിഷ്കാരത്തിന് ഈ സമാഹാരം സാക്ഷ്യം വഹിക്കുന്നു.

കല്ലിനോടും പുൽപ്പടർപ്പിനോടും കാററിനോടും സംവദിക്കുന്നവനാണു കവി. നിർജ്ജീവമെന്നു സാമാന്യ മനുഷ്യൻ ചിന്തിക്കുന്ന വസ്തുക്കൾ സചേതനങ്ങളായിത്തീരുന്നു കവിയുടെ മുൻപിൽ ! നമ്മുടെ കവിയും തന്റെ ചുററുമുള്ള അചേതനവസ്തുക്കളോടു സമ്പർക്കം പുലർത്തുന്നതിന്റെ നിദർശനങ്ങൾ ധാരാളമുണ്ട്.

സ്വർഗ്ഗവും ഭൂമിയും സമന്വയിക്കുന്ന മനുഷ്യപുത്രന്റെ തെളിവാർന്ന ചിത്രം കവിയുടെ ഹൃദയത്തിൽ ആഴത്തിൽ പതിഞ്ഞിരിക്കുന്നു എന്ന് ഈ വരികൾ സുവ്യക്തമാക്കുന്നു.

ബൈബിളിനോട് വിശ്വസ്തമായ ആശയസംവിധാനം, സ്വാഭാവികത തുടിക്കുന്ന ബിംബങ്ങളുടെ പ്രയോഗ ചാതുരി, മനോജ്ഞപദങ്ങളുടെ ഔചിത്യപൂർവ്വകമായ സന്നിവേശം എന്നിവകൊണ്ട് ശ്രദ്ധേയമായ ഈ കവിതാ സമാഹാരം വേദപുസ്തകാഭിമുഖ്യം വളർത്താൻ സഹായകമായിരിക്കുമെന്നതിൽ സംശയമില്ല.

അദ്ദേഹം വിരചിച്ച സംഗീതകൃതികളും പുസ്തകരൂപത്തിലാക്കി അനുവാചകർക്കു നല്കുവാൻ ഈ കവിതാ സമാഹാരത്തിന്റെ പ്രസിദ്ധീകരണം മിഴിവാർന്ന മുന്നോടിയാകട്ടെ എന്നാശംസിക്കുന്നു.

ഡോ. ജെ. തച്ചിൽ.
(അവതാരികയിൽ നിന്ന്)

CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

For further information
regarding this text
Please contact
*library@thecmsindia.org*

Please join the
'CMSI Benefactors Club'
and support the ongoing projects of
Christian Musicological Society Of India

- DIGITAL LIBRARY
- ARAMAIC PROJECT
- ENCYCLOPEDIA OF SYRIAC CHANTS
- MUSIC ICONOGRAPHY
- CHRISTIAN ART
- RESOURCE FOR RESEARCHERS